©

കേരള നിയമസഭാ സെക്രട്ടേറിയറ്റ്

2023

കേരള നിയമസഭാ  പ്രിന്റിംഗ്  പ്രസ്സ്.

പതിനഞ്ചാം കേരള നിയമസഭ

# സ്ത്രീകളുടെയും ട്രാൻസ്ജെൻഡറുകളുടെയും കുട്ടികളുടെയും ഭിന്നശേഷിക്കാരുടെയും ക്ഷേമം സംബന്ധിച്ച സമിതി (2021-2023)

## എട്ടാമത് റിപ്പോർട്ട്

(2023 മാർച്ച് മാസം 20-ാം തീയതി സഭയിൽ സമർപ്പിച്ചത്)

**[സ്ത്രീകളുടെയും ട്രാൻസ്ജെൻഡറുകളുടെയും കുട്ടികളുടെയും ഭിന്നശേഷിക്കാരുടെയും ക്ഷേമം സംബന്ധിച്ച സമിതി (2006-2008)യുടെ ആറാമത് റിപ്പോർട്ടിന്മേലുള്ള (സമിതിയുടെ ഇടപെടൽമൂലം പരിഹരിക്കപ്പെട്ട പരാതികളെ സംബന്ധിച്ച റിപ്പോർട്ട്) ആക്ഷൻ ടേക്കൺ റിപ്പോർട്ട്]**

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2023

**പതിനഞ്ചാം കേരള നിയമസഭ**

# സ്ത്രീകളുടെയും ട്രാൻസ്ജെൻഡറുകളുടെയും കുട്ടികളുടെയും ഭിന്നശേഷിക്കാരുടെയും ക്ഷേമം സംബന്ധിച്ച സമിതി (2021-2023)

## എട്ടാമത് റിപ്പോർട്ട്

(2023 മാർച്ച് മാസം 20-ാം തീയതി സഭയിൽ സമർപ്പിച്ചത്)

**[സ്ത്രീകളുടെയും ട്രാൻസ്ജെൻഡറുകളുടെയും കുട്ടികളുടെയും ഭിന്നശേഷിക്കാരുടെയും ക്ഷേമം സംബന്ധിച്ച സമിതി (2006-2008)യുടെ ആറാമത് റിപ്പോർട്ടിന്മേലുള്ള (സമിതിയുടെ ഇടപെടൽമൂലം പരിഹരിക്കപ്പെട്ട പരാതികളെ സംബന്ധിച്ച റിപ്പോർട്ട്) ആക്ഷൻ ടേക്കൺ റിപ്പോർട്ട്]**

516/2023.

# <u>ഉള്ളടക്കം</u>


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| ആമുഖം | .. | vii |
| റിപ്പോർട്ട് | .. | 1 |

## സമിതിയുടെ ഘടന

അദ്ധ്യക്ഷ :

ശ്രീമതി യു. പ്രതിഭ

അംഗങ്ങൾ :

ശ്രീമതി ഒ. എസ്. അംബിക

ശ്രീമതി സി. കെ. ആശ

ശ്രീമതി ദെലീമ

ശ്രീമതി കാനത്തിൽ ജമീല

ഡോ. എൻ. ജയരാജ്

ഡോ. എം.കെ. മുനീർ

ശ്രീമതി ശാന്തകുമാരി കെ.

*ശ്രീമതി ഉമ തോമസ്.

നിയമസഭാ സെക്രട്ടേറിയറ്റ് :

ശ്രീ. എ. എം. ബഷീർ, സെക്രട്ടറി

ശ്രീ. ആർ. വേണുഗോപാൽ, ജോയിന്റ് സെക്രട്ടറി

ശ്രീമതി ലാലി വി. എസ്., ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. ജയകുമാർ ജി ., അണ്ടർ സെക്രട്ടറി

ശ്രീ. അനിൽകുമാർ ബി., അണ്ടർ സെക്രട്ടറി.

(* അംഗമായിരുന്ന ശ്രീ. സജീവ് ജോസഫ് 12-7-2022-ന് രാജിവച്ചതിനെ തുടർന്നുണ്ടായ ഒഴിവിൽ )

# ആമുഖം

സ്ത്രീകളുടെയും ട്രാൻസ്ജെൻഡറുകളുടെയും കുട്ടികളുടെയും ഭിന്നശേഷിക്കാരുടെയും ക്ഷേമം സംബന്ധിച്ച സമിതിയുടെ അദ്ധ്യക്ഷയായ ഞാൻ, സമിതി അധികാരപ്പെടുത്തിയതനുസരിച്ച് സമിതിയുടെ എട്ടാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

സമിതിയുടെ ഇടപെടൽമൂലം പരിഹരിക്കപ്പെട്ട പരാതികളെ സംബന്ധിച്ച് സമിതി (2006-08)യുടെ ആറാമത് റിപ്പോർട്ട് 17-12-2008-ൽ സഭയിൽ സമർപ്പിക്കുകയുണ്ടായി. പ്രസ്തുത റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളുടെ സ്റ്റേറ്റ്മെന്റ് അടങ്ങിയതാണ് ഈ റിപ്പോർട്ട്.

2023 മാർച്ച് 15- ാം തീയതി കൂടിയ യോഗത്തിൽ സമിതി ഈ റിപ്പോർട്ട് അംഗീകരിച്ചു.

**യു. പ്രതിഭ,**

*അദ്ധ്യക്ഷ,*

*സ്ത്രീകളുടെയും ട്രാൻസ്ജെൻഡറുകളുടെയും കുട്ടികളുടെയും ഭിന്നശേഷിക്കാരുടെയും ക്ഷേമം സംബന്ധിച്ച സമിതി.*

തിരുവനന്തപുരം,
2023 മാർച്ച് 20.

# റിപ്പോർട്ട്

കേരള നിയമസഭയുടെ സ്ത്രീകളുടെയും ട്രാൻസ്ജെൻഡറുകളുടെയും കുട്ടികളുടെയും ഭിന്നശേഷിക്കാരുടെയും ക്ഷേമം സംബന്ധിച്ച സമിതി (2006-2008)യുടെ ആറാമത് റിപ്പോർട്ട് 2008 ഡിസംബർ 17-ന് സഭയിൽ സമർപ്പിച്ചു.

സമിതിയുടെ ഇടപെടൽമൂലം പരിഹരിക്കപ്പെട്ട പരാതികളുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ പ്രസ്തുത റിപ്പോർട്ടിൽ 7 ശിപാർശകളാണ് ഉണ്ടായിരുന്നത്. പ്രസ്തുത ശിപാർശകളിന്മേൽ അനന്തര നടപടി സ്വീകരിച്ച് സമിതിക്ക് റിപ്പോർട്ട് ലഭ്യമാക്കുന്നതിനായി 6-ാമത് റിപ്പോർട്ടിന്റെ പകർപ്പുകൾ 20-7-2009-ൽ ബന്ധപ്പെട്ട വകുപ്പുകളിലേക്ക് അയച്ചു കൊടുത്തിരുന്നു.

പ്രസ്തുത റിപ്പോർട്ടിലെ ശിപാർശകളും അവ സംബന്ധിച്ച് സർക്കാർ സ്വീകരിച്ച നടപടികളും അടങ്ങുന്ന ഈ റിപ്പോർട്ട് രണ്ട് ഭാഗങ്ങളായാണ് തയ്യാറാക്കിയിരിക്കുന്നത്. ഒന്നാം ഭാഗത്തിൽ സമിതി (2006-08)യുടെ 6-ാമത് റിപ്പോർട്ടിലെ ശിപാർശകൾ, അവയ്ക്ക് സർക്കാരിൽ നിന്നും ലഭിച്ചതും സമിതി അംഗീകരിച്ചതുമായ മറുപടികൾ എന്നിവ ഉൾപ്പെടുത്തിയിരിക്കുന്നു.

രണ്ടാം ഭാഗത്തിൽ സർക്കാരിൽ നിന്നും നടപടി സ്റ്റേറ്റ്മെന്റ് ലഭിക്കാത്ത ശിപാർശയും, ബന്ധപ്പെട്ട വകുപ്പിന്റെ പേരും ഉൾപ്പെടുത്തിയിരിക്കുന്നു.

## ഭാഗം - I
## ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികൾ
## (സമിതി അംഗീകരിച്ചവ)

| ക്രമ നമ്പർ | ഖണ്ഡിക | ശിപാർശ | സ്വീകരിച്ച നടപടി |
|---|---|---|---|
| | | | **ആഭ്യന്തര (ജെ) വകുപ്പ് 23-6-2011 തീയതിയായി 61127/ജെ3/2009/ആഭ്യന്തരം നമ്പർ കത്ത് മുഖേന ലഭ്യമാക്കിയ മറുപടി** |
| 1 | 2 | കുറ്റാരോപിതനായ സജീവ് പീതാംബരനെതിരെ സ്വീകരിച്ച അച്ചടക്ക നടപടികളെ സംബന്ധിച്ച വിശദ വിവരങ്ങൾ നാളിതുവരെ സമിതിക്കു ലഭ്യമാക്കിയിട്ടില്ല. നിയമം പരിപാലിക്കുന്ന ഉദ്യോഗസ്ഥർതന്നെ പ്രതിയാകുന്ന ഇത്തരം കേസ്സുകളിൽ മുഖം നോക്കാതെ നടപടി സ്വീകരിക്കാനും മാതൃകാപരമായി ശിക്ഷിക്കാനും അത് യഥാവിധി നടപ്പാക്കാനും അതുവഴി സാധാരണക്കാരന് നീതി ഉറപ്പാക്കാനും വേണ്ട കുറ്റമറ്റ സംവിധാനം ഉണ്ടാക്കുന്നതിന് ഗവൺമെന്റ് തലത്തിൽ നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. | ശ്രീമതി പ്രിജിയുടെ പരാതിയും ആയതിന്മേൽ നടത്തിയ പ്രാഥമികാന്വേഷണ റിപ്പോർട്ടും അനുബന്ധ രേഖകളും കെ.എ.പി.1-ാം ബറ്റാലിയൻ കമാണ്ടന്റ് തുടർനടപടികൾക്കായി അയച്ചു തന്നിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ എ. ആർ. പി.സി.ഇ. 10686 സജീവ് പീതാംബരനെ 13-11-2006 തീയതിയിലെ ഡി.ഒ. നമ്പർ 1142/06/ഇ.സി. പ്രകാരം സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്യുകയും ടിയാനെതിരെയുള്ള ആരോപണങ്ങളെക്കുറിച്ച് വിശദമായ ഒരു വാച്യാന്വേഷണം നടത്തി ശിക്ഷാവിവര പത്രിക സമർപ്പിക്കുവാൻ കൊച്ചി സിറ്റി എ.ആർ. ക്യാമ്പിലെ ഡെപ്യൂട്ടി കമാണ്ടന്റിനെ ചുമതലപ്പെടുത്തുകയുമുണ്ടായി. അന്വേഷണ ഉദ്യോഗസ്ഥനിൽ നിന്നും ടിയാനെതിരെയുള്ള ശിക്ഷാ വിവര പത്രിക 22-5-2007-ന് ലഭിച്ചുവെങ്കിലും എ. ആർ. പി. സി. ഇ.10686 സജീവ് പീതാംബരനെതിരെ വൈക്കം പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത ക്രൈം 580/05 [യു/എസ് 498(എ),342&34 ഐ. പി. സി.] നമ്പർ കേസ് വൈക്കം ജുഡീഷ്യൽ ഒന്നാം ക്ലാസ് മജിസ്ട്രേറ്റ് കോടതിയിൽ വിചാരണ നടന്നുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ തീർപ്പാക്കാതെ കൊച്ചി സിറ്റി പോലീസ് കമ്മീഷണർ ഓഫീസിൽ വച്ചിരിക്കുകയാണ്.ടി ക്രൈം കേസ് (സി.സി. 474/06) വിചാരണയിലാണ്. കൊച്ചി സിറ്റി പോലീസ് കമ്മീഷണറുടെ |

| | | | |
|---|---|---|---|
| | | | ഓഫീസിലെ 24-8-2007 തീയതിയിലെ ഡി.ഒ. നമ്പർ 974/07/ഇ.സി. പ്രകാരം എ.ആർ. പി.സി.ഇ. 10686 സജീവ് പീതാംബരനെ സർവ്വീസിൽ പുനഃ പ്രവേശിപ്പിച്ചിട്ടുള്ളതും ടിയാൻ 31-8-2007 തീയതി ജോലിയിൽ ഹാജരായിട്ടുള്ളതു മാകുന്നു എന്ന് കൊച്ചി സിറ്റി പോലീസ് കമ്മീഷണർ റിപ്പോർട്ട് ചെയ്തിട്ടുള്ള വിവരവും അറിയിക്കുന്നു. കൂടാതെ പോലീസ് ഉദ്യോഗസ്ഥർ പ്രതികളായി വരുന്ന കേസ്സുകൾ അതീവ ഗൗരവത്തോടെ കണ്ട് നീതിപൂർവ്വവും വിശദവുമായ അന്വേഷണം നടത്തുവാനും കുറ്റക്കാരനെന്ന് തെളിഞ്ഞാൽ മുഖം നോക്കാതെ യഥാസമയം നടപടി സ്വീകരിച്ച് മാതൃകാപരമായി ശിക്ഷിക്കാനും അത് യഥാവിധി നടപ്പിലാക്കുകവഴി സാധാരണക്കാരന് നീതി ഉറപ്പാക്കാനും വേണ്ട നടപടികൾ സ്വീകരിക്കുവാൻ ബന്ധപ്പെട്ട പോലീസ് ഉദ്യോഗസ്ഥർക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട് എന്ന് സംസ്ഥാന പോലീസ് മേധാവി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.17-11-2011-ലെ സമിതിയോഗം പരിഗണിച്ചു. |
| | | **17-11-2011-ൽ സമിതി ആവശ്യപ്പെട്ട അധിക വിവരം** | **ആഭ്യന്തര (ജി) വകുപ്പ്17-5-2012-ലെ 84489/ജെ3/2011/ആഭ്യന്തരം നമ്പർ കത്ത് മുഖേന ലഭ്യമാക്കിയ മറുപടി** |
| | | ഹർജിയിന്മേൽ സ്വീകരിച്ച നടപടിയുടെ നിലവിലെ അവസ്ഥ എന്താണെന്ന് ആഭ്യന്തര വകുപ്പിനോട് ആരായാൻ നിർദ്ദേശിച്ചു. | കൊച്ചി സിറ്റി സായുധസേനയിലെ പി.സി .ഇ. 10686 സജീവ് പീതാംബരനെതിരെ വൈക്കം പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ക്രൈം 580/05 [U/s. 498(A), 342, 134 IPC] നമ്പർ കേസ് വൈക്കം ജുഡീഷ്യൽ ഒന്നാം ക്ലാസ് മജിസ്ട്രേറ്റ് കോടതിയിൽ CC 474/06 നമ്പരായി വിചാരണയിലാണ് എന്ന് ജില്ലാ പോലീസ് മേധാവി, കൊച്ചി സിറ്റി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.<br>പ്രസ്തുത മറുപടി 14-8-2012-ലെ യോഗത്തിൽ സമിതി അംഗീകരിച്ചു. |

| | | | |
|---|---|---|---|
| | | | **ആഭ്യന്തര (രഹസ്യവിഭാഗം -എ) വകുപ്പ് 5-11-2013 തീയതിയിലെ 5378/ എസ്. എസ്. എ 1/2013/ആഭ്യന്തരം നമ്പർ കത്ത് മുഖേന ലഭ്യമാക്കിയ മറുപടി** |
| 2 | 5 | വളർന്നു വരുന്ന തലമുറയെ ലഹരി പദാർത്ഥങ്ങൾക്ക് അടിമപ്പെടുത്തും വിധം അതിലേക്ക് ആകർഷിക്കുന്ന തരത്തിൽ സ്കൂളുകളുടെ പരിസരത്ത് ലഹരി മരുന്നു വില്പന വ്യാപകമായിക്കൊണ്ടിരിക്കുകയാണ്. ഇതിനെതിരെ കർശന നടപടി ആഭ്യന്തര വകുപ്പും പൊതുവിദ്യാഭ്യാസ വകുപ്പും സംയുക്തമായി സ്വീകരിക്കണം. | സ്കൂളുകളുടെ പരിസരത്തുള്ള കച്ചവട സ്ഥാപനങ്ങളിലും മറ്റും നിരന്തരമായ പരിശോധന നടത്തുവാനും, ലഹരി പദാർത്ഥങ്ങൾ പിടിച്ചെടുക്കുന്ന പക്ഷം അത്തരക്കാർക്കെതിരെ കർശനമായ നിയമനടപടി സ്വീകരിക്കുവാനും, ലഹരി മരുന്നിന്റെ ദൂഷ്യഫലങ്ങളെക്കുറിച്ച് വിദ്യാർത്ഥികൾക്ക് സ്കൂൾ അധികൃതരുടെ സഹകരണത്തോടുകൂടി ബോധവത്ക്കരണ പരിപാടികൾ സംഘടിപ്പിക്കുവാനും ബന്ധപ്പെട്ട പോലീസ് ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.<br>പ്രസ്തുത മറുപടി 6-11-2013-ലെ സമിതിയോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു. |
| | | | **പ്രസ്തുത ശിപാർശയിന്മേൽ ആഭ്യന്തര (ജി) വകുപ്പ് 13-4-2016-ലെ 85585/ജി3/2013/ആഭ്യന്തരം നമ്പർ കത്ത് മുഖേന ലഭ്യമാക്കിയ മറുപടി** |
| | | | സ്കൂളുകളുടെ പരിസരത്ത് പാൻമസാല പോലുള്ള ലഹരി വസ്തുക്കൾ വിൽക്കുന്നതിനെതിരെ എല്ലാ ജില്ലകളിലും പോലീസ് വകുപ്പിന്റെ നേതൃത്വത്തിൽ റെയ്ഡുകൾ നടത്തുകയും കർശനമായ നടപടികൾ സ്വീകരിക്കുകയും ചെയ്തു വരുന്നുണ്ട്. സ്കൂളുകളുടെ പരിസരത്ത് പാൻമസാല പോലുള്ള ഉൽപ്പന്നങ്ങൾ വിറ്റതിന് നിരവധി കേസുകൾ രജിസ്റ്റർ ചെയ്തിട്ടുമുണ്ട്.<br>പ്രസ്തുത മറുപടി 7-12-2016-ലെ സമിതി യോഗം അംഗീകരിച്ചു. |

| | | | |
|---|---|---|---|
| | | | **പ്രസ്തുത ശിപാർശയിന്മേൽ പൊതു വിദ്യാഭ്യാസ (ജി) വകുപ്പ് 6-2.2010- ലെ 48842/ജി3/09/പൊവിവ നമ്പർ കത്ത് മുഖേന ലഭ്യമാക്കിയ മറുപടി** |
| | | | വളർന്നുവരുന്ന തലമുറയെ ലഹരി പദാർത്ഥങ്ങളുടെ അടിമകളാക്കുന്നതിൽ നിന്നും തടയുന്നതിനായി സ്കൂൾ ഹെൽത്ത് ക്ലബുകൾ വഴി വിദ്യാർത്ഥികൾക്ക് ബോധവൽക്കരണം നൽകുന്നുണ്ട്. എല്ലാ വർഷവും ജൂൺ മാസത്തിൽ ലഹരി വിരുദ്ധ വാരവും പുകയില വിരുദ്ധ ദിനവും ആചരിച്ചു വരുന്നു. കൂടാതെ സ്കൂൾ പരിസരങ്ങളിൽ ലഹരി മിഠായികളുടെയും മറ്റും വിൽപ്പന തടയാൻ കർശന നിർദ്ദേശം ബന്ധപ്പെട്ടവർക്ക് നൽകിയിട്ടുണ്ട്. ആഭ്യന്തര-വിദ്യാഭ്യാസ വകുപ്പുകളുടെ സംയുക്ത സഹകരണത്തോടെ സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ് എന്ന പദ്ധതി, നാഷണൽ സർവ്വീസ് സ്കീമിന്റെ മേൽനോട്ടത്തിൽ സ്കൂളുകളിൽ നടപ്പിലാക്കി വരുന്നുണ്ട്. കൂടാതെ ഹയർ സെക്കന്ററി സ്കൂളുകളിൽ ഗാന്ധിയൻ സ്റ്റഡി സെന്ററിന്റെ ആഭിമുഖ്യത്തിൽ ലഹരി വിരുദ്ധ ക്ലബുകളും ആരംഭിച്ചിട്ടുണ്ട്.<br>പ്രസ്തുത മറുപടി 8-12-2010-ലെ യോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു. |
| | | | **സാമൂഹ്യനീതി വകുപ്പ് 5-11-2013 തീയതിയിലെ7870/ബി3/2009/ സനീവ നമ്പർ കത്ത് മുഖേന ലഭ്യമാക്കിയ മറുപടി** |
| 3 | 6 | വിദ്യാഭ്യാസ മേഖലയിൽ കുട്ടികൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ നിരവധിയാണ്. സ്കൂളുകളിൽ അദ്ധ്യാപകർ വിദ്യാർത്ഥികളെ ക്രൂരമായി മർദ്ദിക്കുന്നതും, വിദ്യാർത്ഥികൾ ലൈംഗിക ചൂഷണത്തിന് വിധേയരാകേണ്ടി വരുന്നതുമായ നിരവധി സംഭവങ്ങൾ റിപ്പോർട്ട് | സംസ്ഥാനത്ത് വിദ്യാഭ്യാസ മേഖലയിൽ കുട്ടികൾ അഭിമുഖീകരിക്കുന്ന ലൈംഗിക ചൂഷണങ്ങളും, ലൈംഗികാതിക്രമങ്ങളും കൂടിവരുന്നതായി റിപ്പോർട്ടുകൾ വരുന്ന സാഹചര്യത്തിൽ ഇതിനെ തടയുന്നതിനായി സാമൂഹ്യനീതി വകുപ്പിന്റെ നിർഭയ പദ്ധതി വഴി സ്കൂളുകളിൽ ക്യാംപെയ്ൻ ആരംഭിച്ചിട്ടുണ്ട്. കുട്ടികളുടെ |

| | | | |
|---|---|---|---|
| | | ചെയ്യപ്പെടുന്നുണ്ട്. കൗമാരപ്രായക്കാരായ കുട്ടികളുടെ മാനസികവും ശാരീരികവുമായ സുരക്ഷിതത്വം ഉറപ്പാക്കുന്നതിനെ കുറിച്ച് സാമൂഹ്യ ക്ഷേമ വകുപ്പും പൊതു വിദ്യാഭ്യാസ വകുപ്പും ഗൗരവമായി ചിന്തിക്കണം. | ശാരീരികവും മാനസികവുമായ സുരക്ഷിതത്വം ഉറപ്പാക്കുന്നതിന് ഓരോ സ്കൂളിലും ഓരോ നോഡൽ ടീച്ചറിനെ കണ്ടെത്തുന്നതിന് നിർഭയയുടെ സ്റ്റേറ്റ് അഡ്വൈസറിന്റെ നേതൃത്വത്തിൽ തെക്കൻ ജില്ലകളിൽ ഓരോ ജില്ലയിൽ നിന്നും 10 വീതം അദ്ധ്യാപകരുടെ master training നടത്തിയിട്ടുണ്ട്.<br>കുട്ടികൾക്കെതിരെയുള്ള POCSO Act (Protection of Children from Sexual Offence) നിലവിൽ വന്നിട്ടുണ്ട്. POCSO Act-മായി ബന്ധപ്പെട്ട് ഒരു ബോധവത്ക്കരണ ശില്പശാല 2013 സെപ്റ്റംബറിൽ തിരുവനന്തപുരം ഐ. എം. ജി.-യിൽ വച്ച് നടത്തുകയുണ്ടായി.<br>കൂടാതെ 500 സ്കൂളുകളിൽ കൗമാര പ്രായക്കാരായ പെൺകുട്ടികൾക്ക് കൗൺസിലിംഗ്,school dropouts-നുള്ള പദ്ധതി, അങ്കണവാടി കേന്ദ്രീകരിച്ച് നടത്തുന്ന ബോധവത്ക്കരണ പരിപാടി എന്നിവ നിലവിലുണ്ട്. ഇതിനു പുറമേ ബാലപീഡനം തടയുന്നതിനും ബാല പീഡനത്തിനിരയാകുന്നവരെ സംരക്ഷിക്കുന്നതിനുമായി Special Juvenile Police Unit (SJPU), Child Line, Child Welfare Committee (CWC), Child Rights Commission എന്നിവ നിലവിലുണ്ട്.<br>2012-ലെ POCSO Act പ്രകാരം CWC 579 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. 156 പേർക്ക് മെഡിക്കൽ കെയർ, 246 പേർക്ക് ഷെൽട്ടർ എന്നിവ നൽകിയിട്ടുണ്ട്.<br>പ്രസ്തുത റിപ്പോർട്ട് 6-11-2013-ലെ സമിതിയോഗം അംഗീകരിച്ചു. |
| | | | **പ്രസ്തുത ശിപാർശയിന്മേൽ പൊതുവിദ്യാഭ്യാസ വകുപ്പ് 6-2-2010-ലെ 48842/ജി3/09/പൊ.വി.വ. നമ്പർ കത്ത് മുഖാന്തിരം ലഭ്യമാക്കിയ മറുപടി** |

| | | | |
|---|---|---|---|
| | | | സ്കൂളുകളിൽ ശാരീരിക ശിക്ഷകൾ അവസാനിപ്പിക്കുന്നതിന് കർശന നിർദ്ദേശം നൽകി പൊതുവിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. കൗമാരക്കാരായ കുട്ടികളുടെ മാനസികവും ശാരീരികവുമായ സംരക്ഷണം ഉറപ്പാക്കുന്നതിന് പി.ടി.എ.-യുടെയും മറ്റ് സന്നദ്ധ സംഘടനകളുടെയും സഹായത്തോടെ കൗൺസിലിംഗ് ക്ലാസ്സുകൾ നടത്തി വരുന്നു. കുട്ടികളെ ലൈംഗിക ചൂഷണങ്ങളിൽ നിന്നും മോചിപ്പിക്കുന്നതിന് വേണ്ടി എൻ.എസ്.എസ്, കരിയർ ഗൈഡൻസ് യൂണിറ്റുകൾ എന്നിവയുടെ നേതൃത്വത്തിൽ വിവിധ പരിപാടികൾ സംഘടിപ്പിച്ചു വരുന്നുണ്ട്. കൂടാതെ കേരള സംസ്ഥാന എയ്ഡ്സ് കൺട്രോൾ സൊസൈറ്റിയുമായി സഹകരിച്ച് എല്ലാ വി.എച്ച്.എസ്. സ്കൂളുകളിലും കൗമാര ആരോഗ്യ വിദ്യാഭ്യാസം സംഘടിപ്പിക്കുവാനും ധാരണയായിട്ടുണ്ട്.<br>പ്രസ്തുത മറുപടി 8-12-2010-ലെ സമിതി യോഗം അംഗീകരിച്ചു. |
| | | | **23-2-2013-ലെ 14111/ഡി1/ 12/ സാ.നീ.വ. നമ്പർ കത്ത് മുഖേന സാമൂഹ്യനീതി (ഡി) വകുപ്പ് ലഭ്യമാക്കിയ മറുപടി** |
| 4 | 9 | ശാരീരിക വെല്ലുവിളികൾ നേരിടുന്നവർക്ക് പഞ്ചായത്ത് മുഖേന ലഭ്യമാക്കുന്ന വിവിധ ഉപകരണങ്ങൾക്ക് അപേക്ഷ സമർപ്പിച്ചിട്ടും ആയത് ലഭ്യമാക്കാത്തത് സമിതിയുടെ ശ്രദ്ധയിൽപ്പെടുകയും മോട്ടോർ ഘടിപ്പിച്ചതോ കാൽ കൊണ്ട് ചവിട്ടുന്നതോ ആയ മൂന്നു ചക്ര സൈക്കിൾ ലഭിക്കുന്നതിനായി ശ്രീമതി ഇയ്യത്തുട്ടി, വയനാട് അപേക്ഷ സമർപ്പിച്ചിരുന്നു. ടിയാൾക്ക് പ്രസ്തുത വാഹനം ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. | വികലാംഗക്ഷേമ കോർപ്പറേഷനിൽ മോട്ടോർ ഘടിപ്പിച്ച സ്കൂട്ടർ നൽകുന്ന പദ്ധതി നിലവിലില്ല. എന്നാൽ വികലാംഗർക്ക് സഞ്ചരിക്കുന്നതിനായി ട്രൈസൈക്കിൾ/ വീൽചെയർ എന്നിവ സൗജന്യമായി നൽകുന്നുണ്ട്. ശ്രീമതി ഇയ്യത്തുട്ടി, കോഴിക്കോട് ചക്കോരത്തുകുളത്ത് ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സിൽ പ്രവർത്തിക്കുന്ന സൗഭാഗ്യ ഡിപ്പാർട്ടുമെന്റ് സ്റ്റോറിൽ ഇവയുടെ ലഭ്യത ആരാഞ്ഞശേഷം നേരിട്ട് എത്തിയാൽ ഉപകരണം സൗജന്യമായി ലഭിക്കുന്നതാണ്.<br>പ്രസ്തുത മറുപടി 25-9-2013-ലെ യോഗത്തിൽ സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു. |

| | | | |
|---|---|---|---|
| | | | **പ്രസ്തുത ശിപാർശയിന്മേൽ തദ്ദേശ സ്വയംഭരണ (ഡി.എ.) വകുപ്പ് 16-5-2011-ലെ 11915/ ഡിഎ 3/ 2009/ ത. സ്വ. ഭ.വ. നമ്പർ കത്ത് മുഖാന്തരം ലഭ്യമാക്കിയ മറുപടി** |
| | | | ടി ശിപാർശയിൽ പരാമർശിച്ചിരിക്കുന്ന ശ്രീമതി ഇയ്യത്തുട്ടിക്ക് മേപ്പാടി ഗ്രാമ പഞ്ചായത്തിന്റെ 2010-11 വാർഷിക പദ്ധതിയുടെ ഭാഗമായി ത്രിചക്ര സ്കൂട്ടർ 9-12-2010-ന് ഗ്രാമപഞ്ചായത്ത് ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ സർക്കാരിന്റെ ഇത്തരം സഹായ പദ്ധതികൾ ദുരിതമനുഭവിക്കുന്നവർക്ക് ലഭിക്കുന്നുണ്ടോ എന്ന് ബന്ധപ്പെട്ടവർ ഉറപ്പ് വരുത്തണമെന്ന് പഞ്ചായത്ത് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട് എന്ന വിവരവും അറിയിക്കുന്നു. പ്രസ്തുത മറുപടി 17-11-2011-ലെ സമിതിയോഗം അംഗീകരിച്ചു. |
| | | | **ആഭ്യന്തര(ജി)വകുപ്പ് 5-11-2013 തീയതിയിലെ 6456/ ജി3/ 2009/ ആഭ്യന്തരം നമ്പർ കത്ത് മുഖാന്തരം ലഭ്യമാക്കിയ മറുപടി** |
| 5 | 11 | സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള അതിക്രമങ്ങളിൽ ശരിയായ വകുപ്പുകൾ ചേർത്ത് കുറ്റപത്രം തയ്യാറാക്കി കുറ്റവാളികളെ മാതൃകാപരമായി ശിക്ഷിക്കണമെന്നും സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിനും അവരുടെ ക്ഷേമ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും, സ്ത്രീശാക്തീകരണത്തിനുമായി രൂപീകൃതമായിട്ടുള്ള Gender Advisory Committee കളുടെ പ്രവർത്തനം വിപുലീകരിക്കുന്നതിനും സ്ത്രീകളുടെ പ്രശ്നങ്ങൾക്ക് പ്രാദേശിക തലത്തിൽ പരിഹാരം കാണുന്നതിനായി രൂപീകരിച്ചിട്ടുള്ള ജാഗ്രതാ സമിതികൾക്ക് കൂടുതൽ പ്രവർത്തന സ്വാതന്ത്ര്യം നൽകുന്നതിനുമുള്ള | സ്ത്രീകൾക്കെതിരായ അതിക്രമങ്ങളിലും ഗാർഹിക പീഡനങ്ങളിലും കുറ്റവാളികൾക്ക് മാതൃകാപരമായ ശിക്ഷ ലഭിക്കത്തക്കവിധം ശരിയായ വകുപ്പുകൾ ചേർത്ത് കേസ്സുകൾ രജിസ്റ്റർ ചെയ്ത് അന്വേഷണം പൂർത്തിയാക്കി കുറ്റപത്രം കോടതിയിൽ സമർപ്പിക്കുവാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം ഇതിനകം നൽകിയിട്ടുണ്ട്. സ്ത്രീകൾക്കെതിരായ അതിക്രമങ്ങൾ തടയുവാനും സ്ത്രീശാക്തീകരണത്തിനും മറ്റും രൂപീകൃതമായിട്ടുള്ള ജെൻഡർ അഡ്വൈസറി കമ്മിറ്റികളുടെയും, സ്ത്രീകളുടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ പ്രാദേശികതലത്തിൽ രൂപീകരിച്ചിട്ടുള്ള ജാഗ്രതാ സമിതികളുടെയും പ്രവർത്തനം വിപുലീകരിക്കുന്നതിനും, സ്വതന്ത്രമായ പ്രവർത്തനത്തിനും മറ്റും ആവശ്യമായ സഹായം തുടർന്നും |

| | | | |
|---|---|---|---|
| | | നടപടി കൈക്കൊള്ളണമെന്നും സമിതി ശിപാർശ ചെയ്യുന്നു. ബാലവേലക്കും കുട്ടികൾക്കെതിരായ കുറ്റകൃത്യങ്ങൾ അവസാനിപ്പിക്കു ന്നതിനുമായി സാമൂഹ്യ സംഘട നകളുമായി കൂടിയാലോചിച്ച് സർക്കാർ വിവിധ കർമ്മപരിപാടികൾ ആവിഷ്ക്കരിക്കണമെന്നും കുട്ടികളുടെ ക്ഷേമ പ്രവർത്തനങ്ങൾക്കായി ബാലക്ഷേമ സമിതികൾ രൂപീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു. | നൽകുവാൻ ബന്ധപ്പെട്ട പോലീസ് ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ബാലവേലയും കുട്ടികൾക്കെതിരായ കുറ്റകൃത്യങ്ങളും തടയുവാൻ സാമൂഹിക സംഘടനകളുടെയും സന്നദ്ധ സംഘടനകളുടെയും സേവനം ലഭ്യമാക്കി അടിയന്തര നടപടികൾ സ്വീകരിക്കു ന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രസ്തുത മറുപടി 6-11-2013-ലെ സമിതിയോഗം അംഗീകരിച്ചു. |
| | | | **ആഭ്യന്തര (ജി) വകുപ്പ് 13-4-2016-ലെ 85585/ജി3/2013/ആഭ്യന്തരം നമ്പർ കത്ത് മുഖാന്തരം ലഭ്യമാക്കിയ മറുപടി** |
| | | | സ്ത്രീകൾക്ക് നേരെയുള്ള ഗാർഹിക പീഡന ങ്ങൾക്കും അതിക്രമങ്ങൾക്കും എതിരെയും ബാലവേലയ്ക്ക് എതിരെയും യഥാർത്ഥ വകുപ്പുകൾ ചേർത്ത് കുറ്റപത്രം തയ്യാറാക്കുന്നതിന് എല്ലാ ജില്ലാ പോലീസ് മേധാവികൾക്കും പോലീസ് ആസ്ഥാനത്ത് നിന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രസ്തുത മറുപടി 7-12-2016-ലെ സമിതിയോഗം അംഗീകരിച്ചു. |
| | | | **പ്രസ്തുത ശിപാർശയിന്മേൽ സാമൂഹ്യ നീതി (ബി) വകുപ്പ്5-11-2013-ലെ 7870/ബി3/2009/സാ.നീ.വ. നമ്പർ കത്ത് മുഖാന്തരം ലഭ്യമാക്കിയ മറുപടി** |
| | | സ്ത്രീകൾക്കുനേരെയുള്ള ഗാർഹിക പീഡനങ്ങൾക്കും അതിക്രമങ്ങൾക്കു മെതിരെയും പതിനാല് വയസ്സിൽ താഴെയുള്ള കുട്ടികളെ തൊഴിൽ ചെയ്യിപ്പിക്കുന്നതിനെതിരെയും ഉള്ള കോടതി വിധികൾ നിലവിലു ണ്ടെന്നുള്ളത് വളരെ ശ്രദ്ധേയ മാണെന്നിരിക്കിലും യഥാർത്ഥ വകുപ്പുകൾ ചേർത്ത് കുറ്റപത്രം തയ്യാറാക്കാത്തതു | ഗാർഹികാതിക്രമങ്ങൾക്കെതിരെ നടപടി സ്വീകരിക്കുന്നതിനായി എല്ലാ ജില്ലകളിലും വിമൻ പ്രൊട്ടക്ഷൻ ഓഫീസർമാരെ നിയമിച്ചിട്ടുണ്ട്. കൂടാതെ എല്ലാ ജില്ല കളിലും സർവ്വീസ് പ്രൊവൈഡിംഗ് സെന്ററുകൾ, ലീഗൽ കൗൺസിലർമാർ എന്നിവരെ നിയോഗിച്ചിട്ടുണ്ട്. സ്ത്രീകൾ |

<table>
<tr>
<td></td>
<td></td>
<td>മൂലം പല കേസുകളിലും കുറ്റവാളികൾക്ക് മതിയായ ശിക്ഷ ലഭിക്കാതെ രക്ഷപ്പെടുന്നതായി സമിതി മനസ്സിലാക്കുന്നു. ആയതി നാൽ ഈ സ്ഥിതി വിശേഷം ഒഴിവാക്കുന്നതിനായി ശരിയായ വകുപ്പുകൾ ചേർത്ത് കുറ്റപത്രം തയ്യാറാക്കി കുറ്റവാളികളെ മാതൃകാ പരമായി ശിക്ഷിക്കണമെന്ന് സമിതി അഭിപ്രായപ്പെടുന്നു. സ്ത്രീകൾ ക്കെതിരെയുള്ള അതി ക്രമങ്ങളെ തടയുന്നതിനും അവരുടെ ക്ഷേമ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്ന തിനും, സ്ത്രീശാക്തീകരണത്തിനുമായി രൂപീകൃതമായിട്ടുള്ള ജെൻഡർ അഡ്വൈസറി കമ്മിറ്റികളുടെ പ്രവർത്തനം വിപുലീകരിക്കുന്നതി നും സ്ത്രീകളുടെ പ്രശ്നങ്ങൾക്ക് പ്രാദേശിക തലത്തിൽ പരിഹാരം കാണുന്നതിനായി രൂപീകരിച്ചിട്ടുള്ള ജാഗ്രതാ സമിതികൾക്ക് കൂടുതൽ പ്രവർത്തന സ്വാതന്ത്ര്യം നൽകുന്നതിനുമുള്ള നടപടി കൈക്കൊള്ളണമെന്നും സമിതി ശിപാർശ ചെയ്യുന്നു. ബാലവേലയ്ക്കും കുട്ടികൾക്കെതിരായ കുറ്റകൃത്യങ്ങൾ അവസാനിപ്പിക്കു ന്നതിനുമായി സാമൂഹ്യ സംഘടന കളുമായി കൂടിയാലോചിച്ച് സർക്കാർ വിവിധ കർമ്മ പരിപാടികൾ ആവിഷ്കരിക്കണമെന്നും കുട്ടികളുടെ ക്ഷേമ പ്രവർത്തനങ്ങൾക്കായി ബാലക്ഷേമ സമിതികൾ രൂപീ കരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.</td>
<td>ക്കെതിരെയുള്ള ഗാർഹിക പീഡനത്തെ സംബന്ധിച്ച് Protection of Women from Domestic Violence (PWDV) Act 2005 അനുസരിച്ച് പരാതിക്കാരിക്ക് മജിസ്ട്രേറ്റിനോ, പോലീസിനോ, പ്രൊട്ടക്ഷൻ ഓഫീസർക്കോ അല്ലെങ്കിൽ സർക്കാർ നോട്ടിഫൈ ചെയ്തിട്ടുള്ള സർവ്വീസ് പ്രൊവൈഡർക്കോ പരാതി നൽകാവുന്നതാണ്. മജിസ്ട്രേറ്റിൽ നിന്നും പ്രൊട്ടക്ഷൻ ഓർഡർ ഉൾപ്പെടെയുള്ള സഹായങ്ങൾ ലഭ്യ മാകുന്നുണ്ട്. ആഭ്യന്തര വകുപ്പിന്റെ ഫലപ്രദമായ ഇടപെടലും കോ-ഓർഡിനേഷനും കുറ്റവാളിക്ക് മാതൃകാപരമായി ശിക്ഷ ഉറപ്പാക്കുന്നതിന് സഹായകരമാകുന്നുണ്ട്.<br><br>2007 മുതൽ ഗാർഹിക പീഡന നിരോധന നിയമപ്രകാരം ലഭിച്ചതും തീർപ്പ് കൽപ്പിച്ചതുമായ പരാതികളുടെ എണ്ണം ചുവടെ ചേർക്കുന്നു.
<table>
<tr><th>വർഷം</th><th>ഗാർഹിക പീഡനം സംബന്ധിച്ച പരാതികളുടെ എണ്ണം</th><th>മജിസ്ട്രേറ്റ് തീർപ്പ് കൽപ്പിച്ച പരാതികളുടെ എണ്ണം</th></tr>
<tr><td>2007</td><td>1684</td><td>101</td></tr>
<tr><td>2008</td><td>2484</td><td>310</td></tr>
<tr><td>2009</td><td>3186</td><td>850</td></tr>
<tr><td>2010</td><td>4075</td><td>741</td></tr>
<tr><td>2011</td><td>4473</td><td>680</td></tr>
<tr><td>2012</td><td>5421</td><td>643</td></tr>
<tr><td>ജൂൺ 2013 വരെ</td><td>2557</td><td>355</td></tr>
</table>
</td>
</tr>
</table>

| | | | |
|---|---|---|---|
| | | | സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിനും അവരുടെ ക്ഷേമ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനുമായി സാമൂഹ്യ നീതി വകുപ്പ് മന്ത്രി ചെയർപേഴ്സനായി ജെൻഡർ അഡ്വൈസറി കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്.<br>തദ്ദേശസ്വയംഭരണ തലങ്ങളിൽ ജാഗ്രതാ സമിതികളുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനാവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കു നൽകുന്നതിനായി കൈപ്പുസ്തകങ്ങൾ തയ്യാറാക്കി വരുന്നു.<br>കൂടാതെ ബാലവേലയിലേർപ്പെടുന്ന കുട്ടികളെ പുനരധിവസിപ്പിക്കുന്നതിനായി ലേബർ വകുപ്പുമായി സഹകരിച്ച് ബാല വേലയിൽ നിന്നും കുട്ടികളെ മോചിപ്പിച്ച് ചൈൽഡ് വെൽഫെയർ കമ്മിറ്റി മുഖേന ചിൽഡ്രൻസ് ഹോമുകളിൽ പ്രവേശിപ്പിക്കുന്നതിനായി ലേബർ വകുപ്പുമായി ബന്ധപ്പെട്ട് നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നു.<br>പ്രസ്തുത മറുപടി 6-11-2013-ലെ സമിതിയോഗം അംഗീകരിച്ചു. |
| | | | **സാമൂഹ്യനീതി (എ) വകുപ്പ് 1-10- 2013-ലെ 3332/എ 2/2013/സനീവ നമ്പർ കത്ത് മുഖാന്തരം ലഭ്യമാക്കിയ മറുപടി** |
| 6 | 12 | സംസ്ഥാനത്തെ ഒബ്സർവേഷൻ ഹോം, ജുവനൈൽ ഹോം, ചൈൽഡ് കെയർ സെന്റർ എന്നീ സ്ഥാപനങ്ങളിൽ നടക്കുന്ന അതിക്രമങ്ങൾ തടയുന്നതിന്റെ ഭാഗമായി ജില്ലാ തലത്തിൽ രൂപീകരിച്ചിട്ടുള്ള മൂന്ന് ഉദ്യോഗസ്ഥർ അടങ്ങിയ ഇൻസ്പെക്ഷൻ കമ്മിറ്റികൾ മാസത്തിൽ | സംസ്ഥാനത്ത് ജുവനൈൽ ജസ്റ്റിസ് സ്ഥാപനങ്ങളിൽ കഴിയുന്ന കുട്ടികൾക്കെതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിനും കുട്ടികളുടെ ക്ഷേമം ഉറപ്പുവരുത്തുന്നതിനും എല്ലാ ജില്ലകളിലും ജില്ലാ സാമൂഹ്യ നീതി ഓഫീസർ, ജില്ലാ പ്രൊബേഷൻ ഓഫീസർ, ഐ.സി.ഡി.എസ്. പ്രോഗ്രാം ഓഫീസർ എന്നിവരടങ്ങിയ ഒരു |

| | | | |
|---|---|---|---|
| | | ഒരിക്കൽ മേൽപ്പറഞ്ഞ സ്ഥാപനങ്ങളിൽ പരിശോധന നടത്തി സമിതിക്ക് ഇത് സംബന്ധിച്ച റിപ്പോർട്ട് നൽകണ മെന്ന് സമിതി വീണ്ടും ശിപാർശ ചെയ്യുന്നു. | പരിശോധനാ സമിതിയെ സാമൂഹ്യ നീതി ഡയറക്ടർ നിയമിക്കുകയും ടി സമിതിയിലെ അംഗങ്ങൾ ഒരുമിച്ച് അതാത് ജില്ലകളിലെ ശിശുക്ഷേമ സ്ഥാപനങ്ങൾ മാസത്തിൽ ഒരിക്കൽ സന്ദർശിച്ച് പരിശോധനാ റിപ്പോർട്ട് സാമൂഹ്യ നീതി ഡയറക്ടർക്ക് സമർപ്പിച്ചു വരികയും ചെയ്യുന്നു. പരിശോധനാ റിപ്പോർട്ട് കൃത്യമായി ലഭ്യമാക്കാത്ത ജില്ലകളിലെ പരിശോധനാ സമിതികൾക്ക് സാമൂഹ്യ നീതി വകുപ്പ് ഡയറക്ടറേറ്റിൽ നിന്ന് ഇതു സംബന്ധമായ കർശനമായ നിർദ്ദേശവും നൽകിയിട്ടുണ്ട്. പ്രസ്തുത മറുപടി 18-12-2013-ലെ സമിതിയോഗം അംഗീകരിച്ചു. |
| | | | **പ്രസ്തുത ശിപാർശയിന്മേൽ ആഭ്യന്തര (ജി) വകുപ്പ് 13-4-2016-ലെ 85585/ജി3/2013/ആഭ്യന്തരം നമ്പർ കത്ത് മുഖാന്തരം ലഭ്യമാക്കിയ മറുപടി** |
| | | | ഒബ്സർവേഷൻ ഹോം, ജുവനൈൽ ഹോം, ചൈൽഡ് കെയർ സെന്റർ എന്നീ സ്ഥാപനങ്ങളിൽ അതിക്രമം നടക്കാതിരിക്കാൻ കൃത്യമായി പരിശോധനകൾ നടത്തുന്നതിനുള്ള നിർദ്ദേശം സംസ്ഥാന പോലീസ് മേധാവി എല്ലാ ജില്ലാ പോലീസ് മേധാവികൾക്കും നൽകിയിട്ടുണ്ട്. പരിശോധന സംബന്ധിച്ച റിപ്പോർട്ട് സമിതിയ്ക്ക് സമർപ്പിക്കുവാൻ സംസ്ഥാന പോലീസ് മേധാവിയ്ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.<br>പ്രസ്തുത മറുപടി 7-12-2016-ലെ സമിതി യോഗത്തിൽ അംഗീകരിച്ചു. |

## ഭാഗം II
## സമിതിയുടെ ശിപാർശ, സർക്കാർ ലഭ്യമാക്കിയ മറുപടി, സമിതി ആവശ്യപ്പെട്ട അധികവിവരം എന്നിവ സംബന്ധിച്ച വിശദാംശം

| ക്രമ നമ്പർ | ശിപാർശ | വകുപ്പ് |
|---|---|---|
| 1 | ഗിരിവർഗ്ഗ ക്ഷേമത്തിനായി കോടിക്കണക്കിന് രൂപ സർക്കാർ ചെലവഴിക്കുമ്പോഴും ആദിവാസി മേഖലയിലെ കുട്ടികളുടെ സ്ഥിതി വളരെ ദയനീയമാണ്. സർക്കാർ അനുവദിക്കുന്ന തുക ആദിവാസി മേഖലയിലെ കുട്ടികളുടെ ആരോഗ്യ പരിപാലനത്തിനും വിദ്യാഭ്യാസത്തിനും ഭക്ഷണത്തിനുമായി ശരിയായ രീതിയിൽ ചെലവഴിക്കുന്നില്ല എന്നതിന്റെ വ്യക്തമായ ഉദാഹരണമാണ് 2000-ൽ സമിതി സ്വമേധയാ സ്വീകരിച്ച പരാതി. ഉടുവസ്ത്രമില്ലാത്തതിനാലും ഭക്ഷണമില്ലാത്തതിനാലും ആദിവാസി കുട്ടികളുടെ പഠനം മുടങ്ങുന്നു എന്ന പത്രവാർത്തയിന്മേൽ സമിതി സ്വമേധയാ സ്വീകരിച്ച പരാതിയിന്മേൽ ബന്ധപ്പെട്ട വകുപ്പിൽ നിന്നും തൃപ്തികരമായ റിപ്പോർട്ട് ലഭിക്കാത്തതിനാൽ ഇപ്പോഴും നടപടി അവസാനിപ്പിച്ചിട്ടില്ല എന്നത് വകുപ്പിന്റെ ഭാഗത്തുനിന്നുള്ള അലംഭാവമായി സമിതി കാണുന്നു. ക്ഷേമ പ്രവർത്തനങ്ങൾക്കായി അംഗീകൃത സംഘടനകൾക്ക് നല്കുന്ന തുക ശരിയായ രീതിയിൽ വിനിയോഗപ്പെടാത്തത് കൊണ്ടാണ് ഇത്തരം സംഭവങ്ങൾ ഉണ്ടാകുന്നത് എന്ന് സമിതി കരുതുന്നു. ആയതിനാൽ അനുവദിക്കുന്ന തുകയുടെയും വിനിയോഗിക്കുന്ന തുകയുടെയും വ്യക്തമായ മോണിറ്ററിംഗ് നടപ്പിൽ വരുത്താൻ ഉത്തരവാദിത്തപ്പെട്ടവർ തയ്യാറാകണം.<br><br>(ഖണ്ഡിക 7) | പട്ടികജാതി പട്ടികവർഗ്ഗ വികസനം 11-2-2015-ലെ 26181/ പിഎം./ 13/പജപവവിവ. നമ്പർ കത്ത് പ്രകാരം ലഭിച്ചത്.<br>പട്ടികവർഗ്ഗ വിഭാഗത്തിന്റെ ഉന്നമനത്തിനും ക്ഷേമത്തിനും വേണ്ടി പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന ആവിഷ്കരിച്ച് നടപ്പിലാക്കുന്ന വിവിധ പദ്ധതികൾക്ക് അനുവദിച്ച് നല്കുന്ന തുക വിനിയോഗിച്ച നടപ്പിലാക്കുന്ന വിവിധ പദ്ധതികൾ യഥാർത്ഥ ഗുണഭോക്താക്കളിൽ തന്നെ എത്തിച്ചേരുന്നുവെന്ന് ഉറപ്പു വരുത്തുന്നതിനായി പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടർ ചെയർമാൻ & കൺവീനർ ആയി ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ടി കമ്മിറ്റിയിൽ ജോയിന്റ് ഡയറക്ടർ, ഡെപ്യൂട്ടി ഡയറക്ടർ, ജില്ലാ ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർ, പ്രോജക്ട് ഓഫീസർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, എഞ്ചിനീയറിംഗ് വിംഗ് പട്ടികവർഗ്ഗ വികസന വകുപ്പ് എന്നീ അംഗങ്ങളെ ഉൾപ്പെടുത്തി 7-9-2012-ലെ സർക്കാർ ഉത്തരവ് (സാധാ) നം. 1192/12/ പജപവവിവ സർക്കാർ ഉത്തരവ് പ്രകാരം കമ്മിറ്റി ഭേദഗതി വരുത്തിയിട്ടുണ്ട്. കൂടാതെ പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടറേറ്റിൽ പ്ലാനിംഗ് ഓഫീസർ അദ്ധ്യക്ഷനായി ഒരു മോണിറ്ററിംഗ് സെൽ പ്രവർത്തിച്ചു വരുന്നുണ്ട്. |

| | | |
|---|---|---|
| | | പട്ടികവർഗ്ഗ വികസന വകുപ്പ് നടപ്പിലാക്കി വരുന്ന വിവിധ പദ്ധതികളുടെ പുരോഗതി സംബന്ധിച്ച് അവലോകനം നടത്തുന്നതിന് വേണ്ടി പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടറുടെ അദ്ധ്യക്ഷതയിൽ എല്ലാ മാസവും ജില്ലാതല ആഫീസർമാരുടെ പദ്ധതി യോഗം വിളിച്ചുചേർത്ത് പ്രവർത്തനങ്ങൾ വിലയിരുത്തി വരുന്നുണ്ട്. വിവിധ പദ്ധതി പ്രവർത്തനങ്ങൾ അതാത് ജില്ലകളിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന (ഉദാഹരണം കുടിവെള്ളം, ഭവന നിർമ്മാണം, റബ്ബർ കൃഷി തുടങ്ങിയവ) നേരിട്ട് വിലയിരുത്തുന്നതിന് വേണ്ടി ജില്ലാതല ഉദ്യോഗസ്ഥർ ഫീൽഡ് ലെവൽ സന്ദർശനം നടത്തിവരുന്നുണ്ട്. കോർപ്പസ് ഫണ്ട് പ്രകാരം അനുവദിക്കുന്ന പദ്ധതികൾ സ്ഥലം എം.എൽ.എ. ചെയർമാനായ ജനപ്രതിനിധികളും, ബന്ധപ്പെട്ട ഉദ്യോഗസ്ഥരും അംഗങ്ങളായ പ്ലാൻ മോണിറ്ററിംഗ് കമ്മിറ്റി മോണിറ്റർ ചെയ്യുന്നുണ്ട്. ടി കമ്മിറ്റിയിൽ യോഗം ചേർന്ന് തുടർ നടപടികൾ സ്വീകരിച്ചു വരുന്നു.<br>പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിൽ പ്രവർത്തിച്ചുവരുന്ന പ്രീമെട്രിക്, പോസ്റ്റ്മെട്രിക് ഹോസ്റ്റലുകളിലെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും ഹോസ്റ്റൽ നവീകരണത്തിനും നിരവധി പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കി വരുന്നു. ഹോസ്റ്റൽ കെട്ടിടങ്ങളുടെ നവീകരണം, അധിക സൗകര്യങ്ങൾ ഏർപ്പെടുത്തി ഹോസ്റ്റലുകളിലെ ശുദ്ധജല വിതരണ സംവിധാനം മെച്ചപ്പെടുത്തി ഹോസ്റ്റലുകളുടെ അറ്റകുറ്റപ്പണികൾ, പരിസര |

| | | |
|---|---|---|
| | **(17-6-2015-ൽ സമിതി ആരാഞ്ഞ അധിക വിവരം)**<br>പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ കാര്യക്ഷമത ഉറപ്പു വരുത്തുന്നതിനായി രൂപീകരിച്ച മോണിറ്ററിംഗ് കമ്മിറ്റിയും പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിലുള്ള പ്രീമെട്രിക് ഹോസ്റ്റൽ, മോഡൽ റസിഡൻഷ്യൽ സ്കൂൾ എന്നിവയുടെ ഉപദേശക സമിതികളും, 2014-15 വർഷത്തിൽ ഏതൊക്കെ ജില്ലകളിൽ എത്ര തവണ യോഗം ചേർന്നു, എന്തെല്ലാം തീരുമാനങ്ങളെടുത്തു, തുടർ നടപടികൾ എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ ഉൾക്കൊള്ളുന്ന അധികവിവരം | ശുചീകരണം, മെഡിക്കൽ ക്യാമ്പുകൾ എന്നിവ നടപ്പാക്കുന്നു. സ്ഥലം എം.എൽ.എ.-യുടെ അദ്ധ്യക്ഷതയിൽ വിവിധ ജനപ്രതിനിധികൾ അംഗങ്ങളായുള്ള ഹോസ്റ്റൽ ഉപദേശക സമിതിയും മോഡൽ റസിഡൻഷ്യൽ സ്കൂൾ ഉപദേശക സമിതിയും കൃത്യമായി യോഗം ചേർന്ന് സ്ഥാപനങ്ങളുടെ കാര്യക്ഷമമായ പ്രവർത്തനം ഉറപ്പു വരുത്തി വരുന്നുണ്ട് എന്നുള്ള വിവരവും അറിയിച്ചുകൊള്ളുന്നു.<br><br>**(17-6-2015-ലെ യോഗത്തിൽ പരിഗണിയ്ക്കുകയും അധിക വിവരം ആരായുകയും ചെയ്തു.)** |

**യു. പ്രതിഭ,**

*അദ്ധ്യക്ഷ,*

*സ്ത്രീകളുടെയും ട്രാൻസ്ജെൻഡറുകളുടെയും കുട്ടികളുടെയും ഭിന്നശേഷിക്കാരുടെയും ക്ഷേമം സംബന്ധിച്ച സമിതി.*

*തിരുവനന്തപുരം,*
15-3-2023 *മാർച്ച്.*